# കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

## മംഗല്യ സമുന്നതി 2024-25

### *നിബന്ധനകളും, മാർഗ്ഗനിർദേശങ്ങളും*

കേരളത്തിലെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള പെൺകുട്ടികളുടെ വിവാഹ നടത്തിപ്പിന്റെ ധനസഹായം അനുവദിക്കുന്ന **മംഗല്യ സമുന്നതി** പദ്ധതിയുടെ മാനദണ്ഡങ്ങൾ.

- അപേക്ഷകർ **മുൻഗണന** AAY **(മഞ്ഞ കാർഡ്), മുൻഗണന (പിങ്ക് കാർഡ്)** വിഭാഗങ്ങളിലെ റേഷൻകാർഡ് ഉടമകളായിരിക്കണം.
- വിവാഹിതയായ പെൺകുട്ടിയുടെ അച്ഛൻ/ അമ്മ ആയിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.
- അപേക്ഷകർ വിവാഹിതയായ പെൺകുട്ടി ഉൾപ്പെട്ട റേഷൻകാർഡിലെ അംഗമായിരിക്കണം.
- മാതാപിതാക്കൾ മരണപ്പെട്ട/ ഉപേക്ഷിച്ച പെൺകുട്ടികൾക്ക് സ്വന്തം പേരിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- പെൺകുട്ടി സംസ്ഥാനത്തെ സംവരണേതര വിഭാഗങ്ങളിൽപ്പെടുന്ന വ്യക്തിയായിരിക്കണം. (വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ് / SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ് എന്നിവ രേഖകളായി സ്വീകരിക്കുന്നതാണ്.)
- അപേക്ഷകരുടെ **കുടുംബ വാർഷിക വരുമാനം** എല്ലാ മാർഗ്ഗങ്ങളിൽ നിന്നും **ഒരുലക്ഷം (1,00,000/-)** രൂപ കവിയാൻ പാടുള്ളതല്ല. **(വ്യക്തിഗത വരുമാന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല)**
- വിവാഹിതയായ പെൺകുട്ടിയുടെ പ്രായം വിവാഹ തീയതിയിൽ **18 വയസ്സോ അതിന് മുകളിലോ** ആയിരിക്കണം.
- **2024 ജനുവരി 1** നും **2024 ഡിസംബർ 31** നും ഇടയിൽ (2 തീയതികളും ഉൾപ്പെടെ) വിവാഹിതരായിട്ടുള്ളവർക്കാണ് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത.
- അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം. ***അപേക്ഷയോടൊപ്പം നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടുന്ന രേഖകൾ ഉൾപ്പെടുത്താത്തതും അപൂർണ്ണമായിട്ടുള്ളതുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.***
- **എഴുപതിനായിരം (70,000/-) രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്.** സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതക്കനുസൃതമായാണ് അപേക്ഷകർക്ക് ധനസഹായം ലഭ്യമാക്കുന്നത്. ധനസഹായം അപേക്ഷകന്റെ/ അപേക്ഷകയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറുന്നതാണ്.
- ഒരു കുടുംബത്തിലെ ഒരു പെൺകുട്ടിയുടെ വിവാഹത്തിനാണ് ധനസഹായം അനുവദിക്കുന്നത്. പുനർ വിവാഹത്തിന് ധനസഹായം അനുവദിക്കുന്നതല്ല.

- **അപേക്ഷകൾ വിജ്ഞാപന തീയതി മുതൽ നിശ്ചിത ദിവസത്തിനുള്ളിൽ കോർപ്പറേഷനിൽ ലഭ്യമായിരിക്കണം. വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.**
- ലഭ്യമാകുന്ന അപേക്ഷകളിൽ നിന്നും ഏറ്റവും കുറഞ്ഞ വരുമാനമുള്ളവരിൽ യോഗ്യത കൈവരിക്കുന്നവർക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടിന് ആനുപാതികമായി ധനസഹായം അനുവദിക്കുന്നതാണ്. ഒരേ വരുമാനപരിധിയിൽ ഉള്ളവരെ പരിഗണിക്കുമ്പോൾ
    - I. ഭിന്നശേഷിക്കാർ
    - II. മാതാപിതാക്കൾ നഷ്ടപ്പെട്ടവർ
    - III. വിവാഹിതയായ പെൺകുട്ടിയുടെ പ്രായം (ഉയർന്ന പ്രായം)
    - IV. വിവാഹിതയായ പെൺകുട്ടിയുടെ ഭിന്നശേഷിക്കാരായ മാതാപിതാക്കൾ

  എന്നീ മാനദണ്ഡങ്ങൾക്ക് മുൻതൂക്കം നൽകിയായിരിക്കും ആനുകൂല്യം അനുവദിക്കുന്നത്.

**അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.**

1. വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
   (സ്വയം സാക്ഷ്യപ്പെടുത്തിയത്)
2. **അപേക്ഷകന്റെ/ അപേക്ഷകയുടെ പേരിൽ ഒരു വർഷത്തിനുള്ളിൽ എടുത്ത കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്** (വില്ലേജ് ഓഫീസർ നൽകുന്നത്).
   *(വ്യക്തിഗത വാർഷിക വരുമാന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല)*
3. **പെൺകുട്ടിയുടെ ജാതി** തെളിയിക്കുന്ന രേഖ
   (വില്ലേജ്ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് / SSLC സർട്ടിഫിക്കറ്റിലെ **ജാതി രേഖപ്പെടുത്തിയ** പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്)
4. റേഷൻ കാർഡിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്)
   (അപേക്ഷകരും വിവാഹിതയായ പെൺകുട്ടിയും ഉൾപ്പെട്ടിരിക്കണം)
5. അപേക്ഷക/ അപേക്ഷകന്റെയും പെൺകുട്ടിയുടേയും ആധാറിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
6. **പെൺകുട്ടിയുടെ** പ്രായം തെളിയിക്കുന്ന രേഖ (SSLC Certificate/ Birth Certificate)
   (സ്വയം സാക്ഷ്യപ്പെടുത്തിയത്)
7. പെൺകുട്ടിയുടെ കുടുംബത്തിൽ നിന്നുള്ള വിവാഹ ക്ഷണക്കത്ത് (ഒറിജിനൽ).
8. അപേക്ഷകന്റെ/ അപേക്ഷകയുടെ പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്.
9. മാതാപിതാക്കൾ മരണപ്പെട്ടുപോയ പെൺകുട്ടിയാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ മാതാപിതാക്കളുടെ മരണ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

10. മാതാപിതാക്കൾ ഉപേക്ഷിച്ചുപോയ പെൺകുട്ടിയാണ് അപേക്ഷകയെങ്കിൽ ആ വിവരം വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കണം.

**മറ്റു നിർദ്ദേശങ്ങൾ**

- ഒരു പെൺകുട്ടിക്ക് ഒരിക്കൽ മാത്രമേ പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുകയുള്ളൂ. പുനർ വിവാഹത്തിന് ധനസഹായം അനുവദിക്കുന്നതല്ല
- മംഗല്യ സമുന്നതി പദ്ധതിയുടെ കീഴിൽ, ഒരു കുടുംബത്തിൽ നിന്നും എല്ലാ സാമ്പത്തിക വർഷങ്ങളിലുമായി, ആകെ 2 പെൺകുട്ടികൾക്ക് മാത്രമേ ധനസഹായം അനുവദിക്കുകയുള്ളൂ. എന്നാൽ, ഒരു സാമ്പത്തിക വർഷം ഒരു കുടുംബത്തിലെ ഒരു കുട്ടിയുടെ പേരിൽ മാത്രമേ അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.
- ധനസഹായം ലഭിക്കുന്നതിന്, അപേക്ഷകയ്ക്ക്/ അപേക്ഷകന് നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖയിൽ **പ്രവർത്തന ക്ഷമമായ അക്കൗണ്ട്** നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
- **തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റുന്ന പക്ഷം അനുവദിച്ച തുക സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കൂട്ടുപലിശയും ചേർത്ത് തിരിച്ചടയ്ക്കേണ്ടതും, പ്രസ്തുത പദ്ധതിയിലേക്ക് തുടർന്ന് അപേക്ഷിക്കാൻ അർഹതയില്ലാത്തതുമാണ്.**
- ഭരണ സൗകര്യാർത്ഥം മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കും. ധനസഹായം നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമായിരിക്കും.
- അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി **12/02/2025 ബുധനാഴ്ച @5 PM.**
- അപേക്ഷകൾ തപാൽ മുഖേനയോ നേരിട്ടോ അവസാന തീയതിയ്ക്ക് മുമ്പ് കോർപ്പറേഷനിൽ ലഭ്യമാക്കേണ്ടതാണ്.

.

XXXXXXXXXXXXXXXXXXXXXX

# കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

## മംഗല്യ സമുന്നതി 2024-25

### അപേക്ഷാ ഫോം

(നിബന്ധനകൾ പൂർണ്ണമായും വായിച്ച ശേഷം മാത്രം അപേക്ഷ പൂരിപ്പിക്കുക)

### റേഷൻകാർഡ് ഇനം:

**മുൻഗണന AAY (മഞ്ഞ കാർഡ്)** ☐ **മുൻഗണന (പിങ്ക് കാർഡ്)** ☐

## I. അപേക്ഷകയുടെ/അപേക്ഷകന്റെ വിവരങ്ങൾ:

1. പേര് (മലയാളത്തിൽ) : ............................................
2. പേര് (ഇംഗ്ലീഷിൽ) : ............................................
3. പൂർണ്ണമായ മേൽവിലാസം : ............................................

   (ജില്ല, പിൻകോഡ് സഹിതം) ............................................

   ............................................

4. ആധാർ നമ്പർ : ........................ 5.ഫോൺ നമ്പർ :..........................

6. കുടുംബ വാർഷിക വരുമാനം : ............... 7. തൊഴിൽ :......................

8. ബാങ്ക് അക്കൗണ്ട് നമ്പർ :............................... IFSC : .....................

## II. വിവാഹിതയായ പെൺകുട്ടിയുടെ വിവരങ്ങൾ:

1. പേര് : ..................................... 2. ജനന തീയതി :........................

3. വയസ്സ് :........ 4. മതം : ....................... 5. ജാതി :..........................

6. ആധാർ നമ്പർ : ......................... 7. അപേക്ഷകനുമായുള്ള ബന്ധം.............

8. ആദ്യ വിവാഹമാണോ? .................. 9. വിവാഹ തീയതി :......................

## സത്യപ്രസ്താവന

**മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സത്യമാണെന്നും തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റി എന്ന് തെളിയുന്ന പക്ഷം റവന്യൂ റിക്കവറി നടപടി പ്രകാരം അനുവദിച്ച ഗ്രാന്റ് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ പലിശയുൾപ്പെടെ തിരിച്ചു പിടിക്കുന്നതിൽ എനിക്ക് വിരോധമില്ലായെന്നും ഇതിനാൽ സത്യപ്രതിജ്ഞ ചെയ്യുന്നു.**

സ്ഥലം: അപേക്ഷകയുടെ / അപേക്ഷകന്റെ ഒപ്പ് :

തീയതി: വിവാഹിതയായ പെൺകുട്ടിയുടെ ഒപ്പ് :

***<u>അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്</u>***

1. വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്)
2. **അപേക്ഷകന്റെ/ അപേക്ഷകയുടെ പേരിൽ ഒരു വർഷത്തിനുള്ളിൽ എടുത്ത കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്** (വില്ലേജ് ഓഫീസർ നൽകുന്നത്). *(<u>വ്യക്തിഗത വാർഷിക വരുമാന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല)</u>*
3. **പെൺകുട്ടിയുടെ ജാതി** തെളിയിക്കുന്ന രേഖ (വില്ലേജ്ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് / SSLC സർട്ടിഫിക്കറ്റിലെ **ജാതി രേഖപ്പെടുത്തിയ** പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്)
4. റേഷൻ കാർഡിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്) (അപേക്ഷകരും വിവാഹിതയായ പെൺകുട്ടിയും ഉൾപ്പെട്ടിരിക്കണം)
5. അപേക്ഷക/ അപേക്ഷകന്റെയും പെൺകുട്ടിയുടേയും ആധാറിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
6. **പെൺകുട്ടിയുടെ** പ്രായം തെളിയിക്കുന്ന രേഖ (SSLC Certificate/ Birth Certificate) (സ്വയം സാക്ഷ്യപ്പെടുത്തിയത്)
7. പെൺകുട്ടിയുടെ വിവാഹ ക്ഷണക്കത്ത് (ഒറിജിനൽ).
8. അപേക്ഷകന്റെ/ അപേക്ഷകയുടെ പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്.
9. മാതാപിതാക്കൾ മരണപ്പെട്ടുപോയ പെൺകുട്ടിയാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ മാതാപിതാക്കളുടെ മരണ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
10. മാതാപിതാക്കൾ ഉപേക്ഷിച്ചുപോയ പെൺകുട്ടിയാണ് അപേക്ഷകയെങ്കിൽ ആ വിവരം വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കണം.
11. **വിവാഹിതയായ പെൺകുട്ടിയുടെ ഭർത്താവിന് അപേക്ഷ സമർപ്പിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.**

NB: 1. അപൂർണ്ണമായതോ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതോ ആയ അപേക്ഷകൾ അറിയിപ്പുകൂടാതെ നിരസിക്കുന്നതാണ്.

2. അപേക്ഷ സമർപ്പിക്കുന്ന കവറിന് മുകളിൽ **<u>"മംഗല്യ സമുന്നതി (2024-25) പദ്ധതിയിലേയ്ക്കുള്ള അപേക്ഷ"</u>** എന്ന് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

**<u>അപേക്ഷകൾ അയയ്ക്കേണ്ട വിലാസം</u>**

മാനേജിംഗ് ഡയറക്ടർ,

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ,

L2, കുലീന, TC.23/2772,ജവഹർ നഗർ,

കവടിയാർ.പി.ഒ, തിരുവനന്തപുരം- 695003.